2014ലെ ബാങ്ക് ഫെസ്റ്റിനുള്ള തയാറെടുപ്പിലാണ് എസ് ബി ടി യുടെ വിവിധ സോണുകളിലെ ജീവനക്കാർ. കോട്ടയത്തെ ജീവനക്കാർ ഒരു നാടകം നന്നാക്കാനുള്ള അശ്രാന്തപരിശ്രമത്തിലാണ്. ഒരു നാടകവും അവർ തെരഞ്ഞെടുത്തു. "ഹിജഡ". ഉത്തരേന്ത്യൻ ഗ്രാമത്തിലെ ഒരു ട്രാൻസ്ജെണ്ടർ തന്റെ ജീവിതത്തിൽ നേരിടുന്ന വെല്ലുവിളികളും അതിജീവനവും ആണ് വിഷയം. അരുൺ ബാലകൃഷ്ണൻ ആണ് നാടകത്തിന്റെ അമരക്കാരൻ. ആദ്യദിവസത്തെ റിഹേഴ്സൽ കഴിയുമ്പോൾ ഒരപ്രധാന റോളിൽ അഭിനയിക്കുന്ന യുവാവിനോട് സംവിധായകൻ പറഞ്ഞു.. "ആ ഹിജഡയുടെ വേഷം നീ ചെയ്താൽ നന്നാവും"

"അയ്യോ ഞാൻ..."

"നിനക്കതിനു കഴിയും, അതിഭാവുകത്വത്തിലേക്ക് പോകാതെ കയ്യടക്കത്തോടെ നീ ഇത് ചെയ്താൽ ഈ വർഷത്തെ അവാർഡ് നിനക്കാവും.."

മടിച്ചുമടിച്ച് യുവാവ് ആ വെല്ലുവിളി ഏറ്റെടുത്തു. ഒടുവിൽ ആ മത്സരദിനം വന്നെത്തി. മികച്ച നടൻ എന്ന അംഗീകാരം നിരവധി നേടിയിട്ടുള്ള എം ആർ ഗോപകുമാർ ഉൾപ്പെട്ട വിദഗ്ദ്ധ പാനലിന് മുന്നിൽ നാടകം അവതരിപ്പിക്കപ്പെട്ടു. ഒടുവിൽ ഫലപ്രഖ്യാപനം വന്നപ്പോൾ മികച്ച നടനുള്ള അവാർഡ് ആ യുവാവിന്റെ കൈകളിൽ.

"ഒരു ചാന്ത് പൊട്ട് കഥാപാത്രത്തെ ഓർമിപ്പിക്കാതെ, എന്നാൽ സ്ത്രൈണതയുടെ മുഴുവൻ അംശങ്ങളും ഉൾകൊണ്ട,തന്മയത്വം തുളുമ്പിയ മികച്ച അഭിനയം" എന്ന് ശ്രീ ഗോപകുമാർ തോളിൽ തട്ടി അഭിനന്ദിച്ചപ്പോൾ സന്തോഷത്തിന്റെ പരമകോടിയിലെത്തിയ ആ നടനാണ് ഈ ആഴ്ചത്തെ താരം.

ഋഷി ലെസ്സിൻ ശ്രീനിവാസ്,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
എസ് എം ഇ ശാഖ, കോട്ടയം.

ദുബായിൽ ജോലി ചെയ്തിരുന്ന കൊല്ലം കടപ്പാക്കട സ്വദേശി പരേതനായ ലെസ്സിൻ ചന്ദ്രിന്റെയും ബ്യൂട്ടീഷ്യൻ ആയ ലതാ ലെസ്സിന്റെയും രണ്ട് മക്കളിൽ മൂത്തയാളായ ഋഷി കൊല്ലം തങ്കശ്ശേരി ഇൻഫന്റ് ജീസസ് ആംഗ്ലോ ഇന്ത്യൻ ബോയ്സ് ഹൈസ്കൂളിൽ ആയിരുന്നു സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയത്.

സ്കൂളിൽ പഠിക്കുമ്പോൾ ഡാൻസ്, നാടകം,കായിക ഇനങ്ങളായ ഷോട്ട്പുട്ട്, ഹാമ്മർത്രോ തുടങ്ങിയ ഇനങ്ങളിലൊക്കെ മത്സരിക്കുകയും സമ്മാനങ്ങൾ വാങ്ങുകയും ചെയ്തിരുന്നെങ്കിലും സ്കൂളിന്റെ ഒരു പ്രത്യേകത

കാരണം പുറത്തേക്ക് മത്സരങ്ങൾക്കൊന്നും പോകാൻ കഴിഞ്ഞിരുന്നില്ല.

സ്കൂൾ പഠനം കഴിഞ്ഞ് പെരുമൺ എഞ്ചിനീയറിംഗ് കോളേജിൽ എത്തുന്നതോടെയാണ് ഋഷിക്ക് മുന്നിൽ കലയുടെ ആകാശം തുറന്ന് കിട്ടുന്നത്.
നൃത്തമത്സരങ്ങളിൽ മികവ് തെളിയിച്ച് കുസാറ്റിലെ താരം ആകാൻ അത് അവസരം ഉണ്ടാക്കി. കോളേജിലെ നാലു വർഷവും ക്രിക്കറ്റ് ടീമിൽ കളിക്കാനും അവസാനവർഷങ്ങളിൽ അതിനെ നയിക്കാനും കഴിഞ്ഞത് ജീവിതത്തിലെ വലിയ സന്തോഷം ആണ് ഋഷിക്ക് നൽകിയത്.
ഇക്കാലത്ത് ഫോട്ടോഗ്രാഫിയിലും കമ്പം തോന്നിതുടങ്ങിയിരുന്നു.

കോളേജിൽ പഠിക്കുന്ന കാലത്താണ് അമൃത ടി വി യിൽ സൂപ്പർ ഡാൻസർ റിയാലിറ്റി ഷോയിലേക്ക് തെരഞ്ഞെടുപ്പ് നടന്നത്. ഋഷിയും അതിൽ തെരഞ്ഞെടുക്കപ്പെട്ടു. കലാമാസ്റ്റർ, അരവിന്ദ് ഒക്കെ വിധികർത്താക്കളായി വന്ന വാശിയേറിയ മത്സരത്തിന്റെ അവസാനറൗണ്ടിന് തൊട്ടു മുൻപ് വരെ പൊരുതി നിൽക്കാൻ കഴിഞ്ഞത് കലാജീവിതത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് ഏറെ സഹായകമായി എന്ന് ഋഷി.

കോളേജിൽ നിന്നും പുറത്ത് വന്ന ഋഷി കെ എസ് ഇ ബി എഞ്ചിനീയേർസ് അസോസിയേഷന്റെ നിർമാണപ്രോജക്ടിൽ രണ്ട് വർഷവും റിലയൻസ് ക്യാപിറ്റലിൽ അസ്സിസ്റ്റന്റ് മാനേജർ ആയി ഒരു വർഷവും ജോലി ചെയ്ത ശേഷമാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ എത്തുന്നത്. 2013ൽ. ചങ്ങനാശ്ശേരി ശാഖയിൽ ആയിരുന്നു ആദ്യ നിയമനം. അക്കാലത്ത് ആണ് മികച്ച നടനുള്ള അംഗീകാരം ഋഷിയെ തേടിയെത്തിയത്. അതിന് വഴിയൊരുക്കിയ അരുണിനെ കുറിച്ച് പറയുമ്പോൾ ഋഷിയുടെ വാക്കുകളിൽ സ്നേഹം തുളുമ്പി. താൻ പ്രവചിച്ച പോലെ തന്നെ ഋഷിക്ക് ഒന്നാം സമ്മാനം നേടാനായത് ഋഷിയുടെ കലയോടുള്ള അർപ്പണമനോഭാവം ആണെന്ന് അരുൺ.

ബാങ്കിൽ കയറുന്നതിന് മുൻപുള്ള കാലഘട്ടത്തിലാണ് മറ്റൊരു വലിയ അവസരം ഋഷിയെ തേടിയെത്തിയത്. പ്രശസ്ത നടൻ മുകേഷ് എഴുതിയ "മുകേഷ് കഥകൾ" കൈരളി ചാനൽ സീരിയൽ ആയി അവതരിപ്പിച്ചപ്പോൾ അതിൽ മുകേഷിന്റെ ചങ്ങാതിമാരിൽ ഒരാൾ ആയി മിനിസ്ക്രീനിൽ എത്താനുള്ള അവസരം. ആ കഥകളിലെ അച്ചായനായി 60 എപ്പിസോഡിൽ ഋഷിക്ക് തിളങ്ങാനായി.
ഒരു വേള അതിലെ പ്രകടനമാകാം മുകേഷ് കാരുണ്യ ലോട്ടറിക്ക് വേണ്ടി അഭിനയിച്ച രണ്ട് പരസ്യചിത്രങ്ങളിൽ കൂടെ അഭിനയിക്കാൻ ഋഷിക്ക് വഴിയൊരുക്കിയത്.

ചങ്ങനാശ്ശേരി ശാഖയിൽ നിന്നും ക്യാഷ് ഓഫീസർ ആയി ഋഷി കൊല്ലം ബീച്ച് റോഡ് ശാഖയിൽ എത്തി. കൊല്ലം തന്റെ കാലപ്രവർത്തങ്ങൾക്ക്

ഒരിടവേള തീർത്തെങ്കിലും ക്രിക്കറ്റുമായുള്ള പ്രണയത്തിന് കൂടുതൽ സമയം നൽകിയത് കൊല്ലം ആണെന്ന് ഋഷി പറയുന്നു. നിരവധി ടൂർണമെന്റുകളിൽ പങ്കെടുക്കാനും ബാങ്കിന്റെ ടീമിൽ കളിക്കാനും കഴിഞ്ഞത് ഈ കാലത്താണ്.

2017ൽ അദ്ധ്യാപികയായ അശ്വതി ദാസ് ഋഷിയുടെ ജീവിതത്തിന്റെ ഭാഗമായി. കോതമംഗലം സ്വദേശിനിയായ അശ്വതി ശാസ്താംകോട്ട ബി എം സി കോളേജ് ഓഫ് എഞ്ചിനീയറിങ്ങിൽ അദ്ധ്യാപികയാണിപ്പോൾ. ഏക സഹോദരി ഋതു ലെസ്ലിൻ ശ്രീനിവാസ് ദുബായിലാണ്. കുടുംബസമേതം ദുബായിൽ കഴിയുന്ന ഋതു അവിടെ എഞ്ചിനീയർ ആയി ജോലി നോക്കുന്നുണ്ട്.

കൊല്ലത്തു നിന്നും ട്രെയിനി ഓഫീസർ ആയി സ്ഥാനക്കയറ്റം നേടി ചാത്തന്നൂർ ശാഖയിലേക്കും അവിടെ നിന്നും ഇപ്പോൾ ജോലി ചെയ്യുന്ന കോട്ടയം എസ് എം ഇ ശാഖയിലേക്കും എത്തിയ ഋഷി നല്ലൊരു നർത്തകൻ കൂടിയാണ്. ഫോട്ടോഗ്രാഫിയിൽ തന്റേതായ ഒരു വഴി കണ്ടെത്തിയ ഋഷി പോർട്രൈറ്റ് ഫോട്ടോഗ്രാഫിയിൽ ആണ് തന്റെ കൈമുദ്ര ചാർത്തുന്നത്. അത് കൊണ്ട് തന്നെ അടുപ്പമുള്ള പലരുടെയും കുടുംബങ്ങളിലെ വിവാഹ, വിവാഹപൂർവ ഫോട്ടോഷൂട്ടുകളിൽ ഋഷിയെത്തേടി ധാരാളം അവസരങ്ങൾ എത്താറുണ്ട്. നിക്കോൺ 5300, നിക്കോൺ 7200 തുടങ്ങിയ ക്യാമറകളിലൂടെ മുഖങ്ങൾ തേടുന്നതാണ് ഋഷിയുടെ ഒഴിവ് സമയങ്ങളെ സജീവമാക്കുന്നത്.

ശരീരത്തിന്റെ ഫിറ്റ്നെസ്സിന് ഏറെ പ്രാധാന്യം നൽകുന്ന ഋഷി 2019 മുതൽ കൊല്ലത്തെ പ്രശസ്ത ബോക്സിങ് ചാമ്പ്യനായ ശ്രീ അജിയുടെ ശിക്ഷണത്തിൽ ബോക്സിങ് പരിശീലനം നേടുന്നുണ്ട്. ജില്ലാതല മത്സരങ്ങളിൽ ഒക്കെ പങ്കെടുത്ത് 90കിലോയ്ക്ക് മുകളിലുള്ള സൂപ്പർ ഹെവിവെയിറ്റ് ഇനത്തിൽ ഉയർന്ന മത്സരങ്ങളിലേക്കുള്ള തയാറെടുപ്പിലായിരുന്നു. ആ സ്വപ്നങ്ങളാണ് കൊറോണയുടെ വരവിൽ ഇല്ലാതായത്.

നടനായും നർത്തകനായും ഫോട്ടോഗ്രാഫറായും ബോക്സറായും ഏറെ ചെയ്യാനുണ്ട് ഋഷിക്ക് വരും കാലങ്ങളിൽ. അതിനുള്ള അവസരങ്ങൾ ഋഷിയെ തേടിയെത്തട്ടെ എന്ന് ടാലന്റഡ് ബാങ്കേഴ്സ് കുടുംബം ആശംസിക്കുന്നു.

---

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്

-----------------------------------------------------------------------------------------------

Employees from different zones of SBT were preparing for the 2014 Bank Fest. Those of Kottayam chose a play-"Hijada" and they were working relentlessly to make the best of it. The theme of the play was the challenges encountered with and endeavours for endurance of a transgender in a North Indian village. Shri Arun Balakrishnan was the director of the play. Towards the end of the first day's rehearsal, the director told the young man in a second line role, "It would be better if you play the role of that transgender" to which the man disagreed at the outset.

However the director exhorted him to that point until he acceded to and reluctantly the young man took up the challenge. Eventually came the deciding day. The play was performed before an expert panel including Shri M.R Gopakumar, who had won honours as the Best Actor. When the results were announced, the young man bagged the Best Actor award.

Let's present through our column this week, some one who reached the epitome of happiness and felt exalted when Shri Gopakumar tapped him on the shoulder and lauded him for his performance which made it a point to not trespass the confines of normality but at the same time, embodied all the elements of femininity.

Rhishi Lessin Sreenivaz,
State Bank of India,
SME Branch, Kottayam.

Rhishi was the eldest of two children of late Mr Lessin Chand, a native of Kadappakkada, Kollam, who worked in Dubai and Mrs Latha Lessin, a beautician by profession. Rhishi had his education at Infant Jesus Anglo Indian Boys' High School, Thankassery in Kollam. While in school, he competed in dance, drama, and sports competitions such as shot put and hammer throw, and won prizes, but was unable to participate in any other competitions outside school due to certain restrictions imposed by the school.

Subsequently, he joined Perumon Engineering College and turned out to be a noted artist in the college. Having been a part of the cricket team for four years in college and leading it in his final years gave Rhishi a great deal of contentment. He got passionate about photography too during those days.

While in college, he was selected as one among the contestants of the Super Dancer reality show on Amrita TV. Rhishi said that he was able to reach the round just before the finale of the tough competition in which Kala master and Aravind were the judges.This proved to be exceptionally helpful in the future of the artistic life.

After graduating from college, Rhishi joined State Bank of Travancore after working for KSEB Engineers' Construction Project for two years and as Assistant Manager at Reliance Capital for

one year. His first assignment was at the Changanassery branch in 2013. It was around then that Rhishi got recognition as the best actor. Rhishi thankfully recalls about Arun who paved the way for it. Arun opines that it is Rhishi’s devotion to art which made him come first.

Another great opportunity came to Rhishi the period before joined the bank. When Kairali channel aired the serial 'Mukesh Kathakal' written by famous actor Mukesh, he had the opportunity to act in mini-screen as one of Mukesh's companions. Perhaps it was his performance back then paved the way for him to act in two ads along with Mukesh for ‘Karunya’ Lottery.

Rhishi joined Kollam Beach Road from Changanassery branch as a cash officer. Rhishi says that although he had to take a break from his artistic pursuits during his tenure there, it was then he got enamored of cricket. It was during that time that he was able to participate in several tournaments and be a part the Bank team.

Aswathy Das, a native of Kothamangalam and a teacher by profession became a part of his life In 2017. She is presently working as a teacher at BMC College of Engineering, Sathamkotta. Rhishi’s only sister Rithu Lessin Sreenivaz, who is settled with her family in Dubai, is working as an engineer there.

Rhishi got promoted from Kollam as a Trainee Officer and joined Chathannoor Branch and he is presently working at Kottayam SME Branch. Rhishi excels in dancing and portrait photography. Therefore, he gets many opportunities in the wedding and pre-wedding photoshoots of the families of his near and dear ones. Nikon 5300 and Nikon 7200 cameras take up quite a bit of his leisure times.

Rhishi attributes much importance to fitness and has been undergoing boxing training since 2019 under the tutelage of Mr. Aji, a renowned boxing champion of Kollam. He has taken interest in participating at district level competitions and it was when his preparations were underway for higher level competitions in the super heavyweight category of over 90 kg, that his dreams were shattered by the onset of COVID.

Rhishi has a great deal to do in the future as an actor, dancer, photographer and boxer. Talented Bankers Community wishes Rhishi all the best to enjoy all that life has to offer and explore the opportunities that come in his way grandiosely.